കേരള സാഹിത്യ അക്കാദമി

പത്രക്കുറിപ്പ് 11.01.2012

# ശാസ്ത്ര -സാങ്കേതികസ്ഥാപനങ്ങളിൽ പുതിയ ഉണർവ് - ഡോ. ബി. ഇക്ബാൽ

തൃശൂർ: ലോകവ്യാപകമായി അംഗീകൃത ശാസ്ത്ര -സാങ്കേതികസ്ഥാപനങ്ങളിൽ ശാസ്ത്രത്തിന്റെ സാമൂഹികധർമത്തെക്കുറിച്ച് പുതിയ ഉണർവുണ്ടായത് ജനജീവിതത്തെ ഗുണപരമായി സ്വാധീനിക്കുന്നുണ്ടെന്ന് ഡോ. ബി. ഇക്ബാൽ പറഞ്ഞു. ഭൗതികശാസ്ത്രം, സാമൂഹികശാസ്ത്രം തുടങ്ങി വിവിധ ശാസ്ത്രശാഖകളുടെ സമന്വയം നടന്നുവരുന്നതും ജനങ്ങൾക്ക് ഉപകാരപ്പെടും. ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങളിൽ സാമൂഹികധർമത്തെക്കുറിച്ച് ചിന്തയുണർന്നതാണ് ഫ്രീ സോഫ്റ്റ്‌വെയർമൂവ്മെന്റും, വിജ്ഞാനത്തിന്റെ ഉത്പാദനവും വിതരണവും സംബന്ധിച്ച ഫലപ്രദമായ പ്രവർത്തനങ്ങളും ഉണ്ടാകാൻ കാരണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കേരള സാഹിത്യഅക്കാദമിയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന ദേശീയപുസ്തകോത്സവത്തോടനുബന്ധിച്ച് എം. സി. നമ്പൂതിരിപ്പാട് വിവർത്തനം ചെയ്ത ജെ. ഡി. ബർണലിന്റെ 'ശാസ്ത്രത്തിന്റെ സാമൂഹികധർമം' എന്ന ഗ്രന്ഥം പ്രകാശനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഡോ. ബി. സന്ധ്യ പുസ്തകമേറ്റുവാങ്ങി.

ഡോ. കാവുമ്പായി ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. 92-ാം വയസ്സിൽ വളരെ ലളിതവും സമഗ്രവും ആകർഷകവുമായി ഇത്രയും ഗഹനമായ ഗ്രന്ഥം ചുരുങ്ങിയ സമയം കൊണ്ട് വിവർത്തനം ചെയ്ത എം.സി. നമ്പൂതിരിപ്പാട് മലയാളികളുടെ മുഴുവൻ ആദരവും അർഹിക്കുന്നുണ്ടെന്ന് കാവുമ്പായി പറഞ്ഞു. എം.സി. നമ്പൂതിരിപ്പാടിന് കേരള സാഹിത്യഅക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ ഉപഹാരം നൽകി. വൈശാഖൻ, വനഗവേഷണകേന്ദ്രം ഡയറക്ടർ ഡോ. കെ.വി. ശങ്കരൻ, ഡോ. പ്രവീൺലാൽ, ഡോ. പി.എ. നസീം, പ്രൊഫ. കെ.ആർ. ജനാർദ്ദനൻ, പ്രൊഫ. സി.ജെ. ശിവശങ്കരൻ തുടങ്ങിയവരും സംസാരിച്ചു. എം.സി. നമ്പൂതിരിപ്പാട് മറുപടി പറഞ്ഞു.

തുടർന്ന് കെ.കെ. അശോകൻ സംവിധാനം ചെയ്ത 'അതിരുകൾ കടന്ന്' എന്ന ടെലിഫിലിമും, അരവിന്ദൻ നെല്ലുവായ് സംവിധാനം ചെയ്ത 'ഇന്നലെയെ തേടി' എന്ന കുട്ടികളുടെ ചലച്ചിത്രവും പ്രദർശിപ്പിച്ചു. ഗാനഭൂഷണം, ഗാനപ്രവീൺ ബിരുദധാരികളായ അന്ധഗായകരുടെ 'നിലാവിന്റെ ഗാനം' സംഗീത സന്ധ്യയും അരങ്ങേറി.

**ആർ. ഗോപാലകൃഷ്ണൻ**
സെക്രട്ടറി